മാരാരിക്കുളം നിയോജക മണ്ഡലത്തിലെ എം. എൽ. എ. റോഡുകൾ

883 [993] ശ്രീ. എ. വി. താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരാരിക്കുളം നിയോജകമണ്ഡലത്തിലെ എം. എൽ. എ. റോഡുകൾ ഏതെല്ലാമാണ്;

(ബി) ഈ റോഡുകൾ ഏറ്റെടുക്കുന്നതിനും നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) മാരാരിക്കുളം നിയോജകമണ്ഡലത്തിലെ എം. എൽ. എ. റോഡുകൾ എന്ന് പൂർത്തിയാക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മണ്ണഞ്ചേരി—പൊന്നാട് റോഡും മംഗളപുരം—ല്യൂഥറൻ—അയ്യപ്പൻചേരി റോഡുമാണ് മാരാരിക്കുളം നിയോജക മണ്ഡലത്തിലെ എം. എൽ. എ. റോഡുകൾ.

(ബി, സി) രണ്ടു റോഡുകളും ഏറ്റെടുത്തിട്ടുണ്ട്. ഒന്നാമത്തെ റോഡിന്റെ പണി ടെണ്ടർ ചെയ്തിട്ടുണ്ട്. രണ്ടാമത്തെ റോഡിന്റെ എസ്റ്റിമേറ്റ് ആർ. ആൻഡ് ബി. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധനയിലാണ്.

(ഡി) ഇക്കാര്യം കൃത്യമായി ഇപ്പോൾ പറയുവാൻ ബുദ്ധിമുട്ടുണ്ട്.

റസ്സൽപുരം—വണ്ടനൂർ റോഡ്

884 [994] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ മാരനല്ലൂർ പഞ്ചായത്തിലെ റസ്സൽപുരം—വണ്ടനൂർ റോഡ് സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ന് ഏറ്റെടുത്തതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡ് ബ്ലാക്ക്ടോപ്പിംഗ് നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഈ റോഡ് പൊതുമരാമത്ത് വകുപ്പിന്റെ ആധിനതയിലുള്ളതല്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

കടയൂർ—ഈയത്തോട് വഴി വയ്യാറിൻകര റോഡ്

885 [995] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിൽ കടയൂർ—ഈയത്തോട് വഴി വയ്യാറിൻകര റോഡ് ഏത് ഘട്ടംവരെയായി;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത റോഡ് നിർമ്മാണം ഈ വർഷത്തിൽ തന്നെ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കടയൂർ—ഈയത്തോട്—വയ്യാറിൻകര റോഡ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ളതല്ല.

(ബി) മുകളിൽ സൂചിപ്പിച്ച കാരണത്താൽ ചോദ്യം ഉദിക്കുന്നില്ല.

കാക്കൂർ പാലച്ചുവട് റോഡ്

886 [1001] ശ്രീ. ബെന്നി ബഹനാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുമാറാടി—പിറവം പഞ്ചായത്തുകളെ ബന്ധപ്പെടുത്തുന്ന കാക്കൂർ പാലച്ചുവട് റോഡ് പി. ഡബ്ലിയു. ഡി. ഏറ്റെടുത്ത് നിർമ്മിക്കുന്നതിനു വേണ്ട നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാക്കൂർ—പാലച്ചുവട് റോഡ് 1981-ൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തുകൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത റോഡിൽ ഒരു മേജർ പാലം പണിയേണ്ടതുണ്ട്. അതിലേക്കാവശ്യമായ ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു.

മടവൂർ പഞ്ചായത്തിലെ പണി പൂർത്തീകരിച്ചിട്ടില്ലാത്ത റോഡുകൾ

887 [1011] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ നിയോജക മണ്ഡലത്തിൽ മടവൂർ പഞ്ചായത്തിൽ പണി ആരംഭിച്ചെങ്കിലും പൂർത്തീകരിച്ചിട്ടില്ലാത്ത റോഡുകൾ എത്ര ഉണ്ടെന്നും അവ ഏതെല്ലാം ആണെന്നും വ്യക്തമാക്കാമോ;

(ബി) അവയിൽ നടപ്പു സാമ്പത്തിക വർഷത്തിൽ ഏതെല്ലാം റോഡുകളുടെ പണിയാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും അതിലേയ്ക്കുവേണ്ടി എന്ത് തുക നീക്കിവച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പഞ്ചായത്തിൽ അവശേഷിക്കുന്ന റോഡുകളുടെ പണി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചോദ്യത്തിൽ പരാമർശിച്ചിരിക്കുന്ന രീതിയിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളൊന്നുംതന്നെയില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly